ഇതാണ് നമ്മൾ പറഞ്ഞ 'റീസസ് മക്കാക്'

▸▸ കുരങ്ങിനെ പിടിക്കാൻ കൂട് സ്ഥാപിച്ച് ആർആർടി സംഘം

ഫറോക്ക് കരുവൻതിരുത്തി മാത്തിൽപാടത്ത് കാണപ്പെട്ട റീസസ് മക്കാക് ഇനത്തിൽപെട്ട കുരങ്ങൻ.

ഫറോക്ക്● ഉത്തരേന്ത്യയിൽ കാണപ്പെടുന്ന റീസസ് മക്കാക് ഇനത്തിൽപെട്ട കുരങ്ങിനെ കരുവൻതിരുത്തിയിൽ കണ്ടെത്തി. ഇന്നലെ രാവിലെ 8.45ന് മാത്തിൽപാടം റോഡിലാണ് കുരങ്ങിനെ കണ്ടത്. നാട്ടിൽ സാധാരണ കാണപ്പെടാത്ത രൂപത്തിലുള്ള വാനരനെ കണ്ട നാട്ടുകാർ വനം വകുപ്പിൽ അറിയിച്ചു. തുടർന്നു നടത്തിയ പരിശോധനയിലാണ് ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെടുന്ന സംരക്ഷിത മൃഗമായ റീസസ് മക്കാക് ഇനം കുരങ്ങാണെന്നു തിരിച്ചറിഞ്ഞത്.

ഡിഎഫ്ഒ എം.ജോഷിലിന്റെ നിർദേശപ്രകാരം വനശ്രീയിൽനിന്നെത്തിയ ആർആർടി സംഘം കുരങ്ങിനെ പിടികൂടാൻ ശ്രമിച്ചെങ്കിലും വിഫലമായി. ചാടിപ്പോയ കുരങ്ങ് ചാലിയാർ തീരത്തുള്ള റെയിൽവേ പറമ്പിലേക്ക് നീങ്ങി.

കുരങ്ങിനെ പിടികൂടാൻ കോമൺവെൽത്ത് കമ്പനി പരിസരത്ത് വനംവകുപ്പ് കൂട് സ്ഥാപിച്ചു. ആർആർടി സംഘം മേഖലയിൽ നിരീക്ഷണം തുടരുന്നുണ്ട്. കുരങ്ങിനെ കണ്ടാൽ പ്രകോപിപ്പിക്കുകയോ അടുത്തുചെന്നു ഭക്ഷണം നൽകുകയോ ചെയ്യരുതെന്നു വനം ഉദ്യോഗസ്ഥർ നാട്ടുകാർക്കു നിർദേശം നൽകി.

ആൺ കുരങ്ങുകൾക്ക് ശരാശരി 53 സെന്റീമീറ്റർ ഉയരവും 7.7 കിലോഗ്രാം വരെ ഭാരവുമുണ്ടാകും. താരതമ്യേന വലുപ്പം കുറഞ്ഞ പെൺ കുരങ്ങുകൾക്ക് 47 സെന്റീമീറ്റർ ഉയരവും 5.3 കിലോഗ്രാം വരെ ഭാരവും ഉണ്ടാകും.

അപൂർവയിനം കാട്ടുമൂങ്ങയെ ജാനകിക്കാട്ടിൽ കണ്ടെത്തി

കുറ്റ്യാടി ● അപൂർവ ഇനത്തിൽപെട്ട 'കൊള്ളിയാൻ' എന്നും 'കാട്ടുമൂങ്ങ' എന്നും അറിയപ്പെടുന്ന സ്പോട്ട്-ബെല്ലീഡ് ഈഗിൾ ഔളിനെ ജാനകിക്കാട് ഇക്കോ ടൂറിസം കേന്ദ്രത്തിൽ കണ്ടെത്തി. നിബിഡ വനങ്ങളിൽ മാത്രം വളരെ രഹസ്യസ്വഭാവത്തോടെ കഴിയുന്ന ഈ പക്ഷിയുടെ സാന്നിധ്യം ജില്ലയിൽ റിപ്പോർട്ട് ചെയ്യുന്നത് ഇതാദ്യമാണ്. വൈൽഡ്‌ലൈഫ് ഫൊട്ടോഗ്രഫറും പക്ഷി നിരീക്ഷകനുമായ സുനിൽ ടിറ്റോ, ജാനകിക്കാട് ഇക്കോ ടൂറിസം ഗൈഡും പക്ഷിനിരീക്ഷകനുമായ എ.സുധീഷ് എന്നിവരാണ് ഈ പക്ഷിയെ കണ്ടെത്തിയത്.

കരുത്തുറ്റ ഇരപിടിയന്മാരായ ഇവർ രാത്രിയാണ് പ്രധാനമായും ഇരതേടാനിറങ്ങുന്നത്. ഇന്ത്യയിൽ കാണപ്പെടുന്ന മൂങ്ങകളിൽ വലിപ്പത്തിൽ രണ്ടാം സ്ഥാനത്താണ് ഇവ. ബ്യൂബോ നിപ്‌ലെൻസിസ് B എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ പക്ഷി, സ്ട്രിഗിഡേ കുടുംബത്തിലെ ബ്യൂബോ ജനുസ്സിലാണ് ഉൾപ്പെടുന്നത്.

കണ്ണുകൾക്ക് മുകളിലായി കൊമ്പുപോലെ കാണപ്പെടുന്ന നീളമേറിയ തൂവലുകൾ ഇവയുടെ സവിശേഷതയാണ്. ഏതാണ്ട് 55 മുതൽ 65 സെന്റീമീറ്റർ വരെ നീളവും 1.5 മുതൽ 2.5 കിലോഗ്രാമോളം ഭാരവുമുള്ള വലിയ ഇരപിടിയൻ പക്ഷികളാണിവ.

ഹിമാലയൻ താഴ്‌വരകളായ കുമയോൺ മുതൽ മ്യാൻമാർ, ലാവോസ്, വിയറ്റ്നാം വരെയുള്ള പ്രദേശങ്ങളിലും ഇന്ത്യയിലുടനീളവും ശ്രീലങ്ക, തായ്‌ലൻഡ് എന്നിവിടങ്ങളിലും ഇവയെ കണ്ടുവരുന്നു.


ജാനകിക്കാട്ടിൽ കണ്ടെത്തിയ അപൂർവയിനം കാട്ടുമൂങ്ങ

നേന്ത്രക്കായ വില വർധിച്ചു; കർഷകർക്ക് ആശ്വാസം

തിരുവമ്പാടി● വിപണിയിൽ നേന്ത്രക്കായ വില കുതിച്ചുയർന്നു. പച്ചക്കായ്ക്കു കിലോഗ്രാമിന് 68 രൂപ വരെ കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. വിപണിയിൽ നേന്ത്രപ്പഴത്തിനു കിലോഗ്രാമിന് 85 രൂപവരെ വിലയുണ്ട്. കർണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള കായ്‌വരവ് നിലച്ചതോടെയാണ് നാടൻകായ്ക്കു വില കയറിയത്. കർഷകർക്ക് ഇത് ആശ്വാസമായി.

പരമ്പരാഗത നാടൻ ഇനങ്ങൾ അല്ലാതെ ഇപ്പോൾ കർഷകർ കൂടുതലായി കൃഷി ചെയ്യുന്നത് നേന്ത്രവാഴയിൽ തന്നെ കുള്ളൻ ഇനങ്ങളാണ്. ഇത് 6-8 മാസത്തിൽ കുലയ്ക്കുന്നതു കർഷകർക്ക് പ്രയോജനം ചെയ്യും. ശരാശരി 15 കിലോയോളം തൂക്കം വരുന്ന ഈ കുലകൾ പാകം ആകാനും കുറച്ചു കാലം മതി.

ഞാലിപ്പൂവൻ, നാടൻ പൂവൻ കായ്കൾക്ക് വിപണിയിൽ ഇപ്പോൾ മെച്ചപ്പെട്ട വില ലഭിക്കുന്നതും കർഷകർക്ക് പ്രയോജനകരമായി. 3 മാസം മുൻപ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് നേന്ത്രക്കായ ഇറക്കുമതി ചെയ്തിരുന്നപ്പോൾ കിലോയ്ക്ക് 20രൂപ പോലും കർഷകർക്ക് ലഭിച്ചിരുന്നില്ല. മലയോര മേഖലയായ കക്കാടംപൊയിൽ, പൂവാറൻതോട്, ആനക്കാംപൊയിൽ, ഓളിക്കൽ പ്രദേശങ്ങളിൽ വാഴക്കൃഷി വൻതോതിൽ നടത്തുന്നുണ്ട്.

കോളജ് യൂണിയൻ തിരഞ്ഞെടുപ്പ്

നേട്ടം അവകാശപ്പെട്ട് സംഘടനകൾ

▸▸ മികച്ച മുന്നേറ്റമെന്ന് കെഎസ്‌യുവും എംഎസ്എഫും

കോഴിക്കോട്● തിരഞ്ഞെടുപ്പിന്റെ ചൂടിൽ ജില്ലയിലെ ക്യാംപസുകൾ. ബാലുശ്ശേരി , കുന്നമംഗലം , നാദാപുരം ഗവ. കോളജുകൾ ഉൾപ്പെടെയുള്ള ചെങ്കോട്ടകൾ തകർത്ത് ജില്ലയിൽ മുന്നണിക്ക് വൻ മുന്നേറ്റമുണ്ടായതായി കെഎസ്‌യു നേതാക്കൾ അവകാശപ്പെട്ടു. കോഴിക്കോട്ടെ ക്യാംപസുകളിൽ എംഎസ്എഫ് തരംഗമുണ്ടായെന്ന് എംഎസ്എഫ് നേതാക്കൾ പറഞ്ഞു. അതേസമയം ജില്ലയിൽ സംഘടനാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടന്ന 48ൽ കോളജുകളിൽ 30 യൂണിയനുകൾ എസ്എഫ്ഐ വിജയിച്ചുവെന്ന് എസ്എഫ്ഐ നേതാക്കൾ പറഞ്ഞു. ഇതിൽ 14 കോളജുകളിൽ മുഴുവൻ സീറ്റിലും എസ്എഫ്ഐ വിജയിച്ചുവെന്നും പറഞ്ഞു.

● ദേവഗിരി കോളജിൽ കെഎസ്‌യു യൂണിയൻ ഭരണം നിലനിർത്തി. മലബാർ ക്രിസ്ത്യൻ കോളജിൽ കെഎസ്‌യു യൂണിയൻ പിടിച്ചെടുത്തു. ബാലുശ്ശേരി ഗവ. കോളജ്, കുന്നമംഗലം ഗവ. കോളജ്, നാദാപുരം ഗവ.കോളജ് എന്നിവിടങ്ങളിൽ എസ്എഫ്ഐയെ അട്ടിമറിച്ച് കെഎസ്‌യു മുന്നണി വിജയിച്ചു.

യുഡിഎസ്എഫ് മുന്നണിയായി മത്സരിച്ച ക്യാംപസുകളിലും മികച്ച മുന്നേറ്റമുണ്ടാക്കി. മാത്തറ പികെ കോളജ്, കളന്തോട് എംഇഎസ് കോളജ്, ചേന്ദമംഗല്ലൂർ സുന്നിയ അറബിക് കോളജ്, കൊയിലാണ്ടി ആർട്സ് ആൻഡ് സയൻസ് കോളജ്, എ.വി അബ്ദുറഹ്മാൻ ഹാജി ആർട്സ് ആൻഡ് സയൻസ് കോളജ്, പേരാമ്പ്ര സിൽവർ കോളജ്, പേരാമ്പ്ര ഡിഗ്നിറ്റി കോളജ്, ചെറുവറ്റ മോകാസ് കോളജ്, കെഎംഒ ആർട്സ് ആൻഡ് സയൻസ് കോളജ്, ഗോൾഡൻ ഹിൽസ് കോളജ്, മണാശ്ശേരി എംഎഎംഒ കോളജ് എന്നിവിടങ്ങളിൽ മുന്നണി വിജയിച്ചു. വിവിധ ക്യാംപസുകളിൽ കെഎസ്‌യു അക്കൗണ്ട് തുറന്നതായും നേതാക്കൾ പറഞ്ഞു.

● ബാലുശ്ശേരി ഗവ. കോളജ്, കുന്നമംഗലം ഗവ. കോളജ്, നാദാപുരം ഗവ. കോളജ്, വടകര സിഎസ്ഐ ക്രിസ്ത്യൻ മുള്ളർ വിമൻസ് കോളജ് എന്നിവിടങ്ങളിൽ എസ്എഫ്ഐയെ അട്ടിമറിച്ച് എംഎസ്എഫ് വിജയിച്ചുവെന്ന് നേതാക്കൾ പറഞ്ഞു. കൊടുവള്ളി ഗവ. കോളജിൽ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ഉൾപ്പെടെ മൂന്ന് നിർണായക സീറ്റുകൾ പിടിച്ചെടുത്തു.

ഫാറൂഖ് കോളജ്, നാഷനൽ കോളജ് പുളിയാവ്, ഹൈടെക് കോളജ് നാദാപുരം, വില്യാപ്പള്ളി എംഇഎസ് കോളജ്, കൊയിലാണ്ടി ഇലാഹിയ, കുറ്റ്യാടി ഐഡിയൽ, മോറസ് കോളജ്, മിസ്ബാഹുൽ ഹുദാ, കുഞ്ഞിപ്പള്ളി എസ്എംഐ, നാദാപുരം എംഇടി കോളജ്, ചെരണ്ടത്തൂർ എംഎച്ച്ഇഎസ്, മൂടാടി മലബാർ, കോഴിക്കോട് ആർയുഎ, ദാറുൽ ഹുദാ, ബാലുശ്ശേരി ഗോകുലം കോളജ് എന്നിവിടങ്ങളിൽ എംഎസ്എഫ് വിജയം നേടിയെന്ന് നേതാക്കൾ പറഞ്ഞു.

● ജില്ലയിൽ എസ്എഫ്ഐക്ക് വൻ മുന്നേറ്റമുണ്ടായെന്ന് നേതാക്കൾ പറഞ്ഞു. ഗുരുവായൂരപ്പൻ കോളജ് കെഎസ്‌യുവിൽ നിന്നും താമരശ്ശേരി ഐഎച്ച്ആർഡി കോളജ് യുഡിഎസ്എഫ് മുന്നണിയിൽ നിന്നും തിരിച്ചു പിടിച്ചു.

മീഞ്ചന്ത ഗവ.ആർട്സ് കോളജ്, മടപ്പള്ളി, മൊകേരി, ഗവ.ലോ കോളജ്, പേരാമ്പ്ര സികെജി, മുചുകുന്ന് എസ്എആർബിടിഎം, കോടഞ്ചേരി ഗവ.കോളജ്, കൊടുവള്ളി ഗവ.കോളജ്, ഗവ.ഫിസിക്കൽ എജ്യുക്കേഷൻ കോളജ്, മാനാഞ്ചിറ ഗവ.കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, കൊയിലാണ്ടി എസ്എൻഡിപി, ചേളന്നൂർ എസ്എൻ, വടകര എസ്എൻ, കടത്തനാട് കോളജ്, സിയുആർസി പേരാമ്പ്ര, കൊയിലാണ്ടി ആർട്സ് ആൻഡ് സയൻസ് കോളജ്, കുറ്റ്യാടി എസ്എൻ കോളജ് ഓഫ് അഡ്വാൻസ്ഡ്, കുറ്റ്യാടി എജ്യുക്കോസ്, നാദാപുരം ഐഎച്ച്ആർഡി, കിളിയനാട് ഐഎച്ച്ആർഡി, കുരുക്കിലാട് കോഓപ്പറേറ്റീവ്, മേഴ്സി കോളജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, പിവിഎസ് കോളജ്, കൊയിലാണ്ടി ഗുരുദേവ, എംഡിറ്റ് ആർട്സ് കോളജ്, പാലോളിപ്പാലം ക്യുടെക്, വടകര സിസിഎസ്ടി,, വടകര എസ്എംഎസ്, പുതിയറ എസ്എംഎസ് എന്നീ യൂണിയനുകൾ എസ്എഫ്ഐ നേടി. ജില്ലയിലെ ബിഎഡ് സെന്ററുകളിൽ യുയുസി സീറ്റുകളും നേടി. ദേവഗിരി കോളജിൽ വം യുയുസി, ക്യാപ്റ്റൻ, മാഗസിൻ എഡിറ്റർ, പിജി റെപ്പ് എന്നിവ പിടിച്ചെടുത്തുവെന്നും പറഞ്ഞു.

കോളജ് യൂണിയൻ തിരഞ്ഞെടുപ്പ് സംഘർഷത്തിനിടെ പേരാമ്പ്രയിൽ പൊലീസ് ഗ്രനേഡ് പ്രയോഗിച്ചപ്പോൾ.

വിജയാഹ്ലാദത്തിനിടെ സംഘർഷം

പേരാമ്പ്ര ● കോളജ് യൂണിയൻ തിരഞ്ഞെടുപ്പ് വിജയാഹ്ലാദത്തിനിടെ സംഘർഷം. പൊലീസ് ഗ്രനേഡ് പ്രയോഗിച്ചു. പേരാമ്പ്ര സികെജി കോളജിൽ വിജയം നേടിയ എസ്എഫ്ഐ പ്രവർത്തകരും മറ്റു കോളജുകളിൽ വിജയിച്ച യുഡിഎസ്എഫ് പ്രവർത്തകരും ഒരേസമയം ടൗണിൽ വിജയാഹ്ലാദ പ്രകടനം നടത്തിയതാണ് സംഘർഷത്തിന് കാരണമായത്.

യുഡിഎസ്എഫ് പ്രവർത്തകരുടെ പ്രകടനമാണ് ടൗണിൽ ആദ്യം എത്തിയത്. അതേസമയം സികെജി കോളജിലെ വിജയാഹ്ലാദ പ്രകടനം എത്തി. സംഘർഷ സാധ്യത കണക്കിലെടുത്ത് യുഡിഎഫ് പ്രവർത്തകരെ പൊലീസ് തടഞ്ഞു. ഈ സമയം ടൗണിലേക്ക് പ്രവേശിച്ച എസ്എഫ്ഐ പ്രകടനം ബസ് സ്റ്റാൻഡിൽ സമാപിക്കുകയും തുടർന്ന് പൊതുയോഗം നടത്തുകയും അതിനു ശേഷം പിരിഞ്ഞു പോകാതെ ബസ് സ്റ്റാൻഡിൽ തുടരുകയുമായിരുന്നു.

ഇതിനു പിന്നാലെ യുഡിഎസ്എഫ് പ്രകടനം ബസ് സ്റ്റാൻഡിലേക്ക് തിരിച്ചു വന്നപ്പോൾ പൊലീസ് തടഞ്ഞിരുന്നു. ഇത് ചോദ്യം ചെയ്തപ്പോൾ പ്രകടനം നടത്താൻ അനുവദിച്ചു. പ്രകടനം ബസ് സ്റ്റാൻഡിലേക്ക് കടന്നു വന്നതോടെ ഇരുവിഭാഗവും തമ്മിൽ സംഘർഷമായി. പൊലീസ് പലതവണ ലാത്തി വീശിയിട്ടും വിദ്യാർഥികൾ പിരിഞ്ഞു പോകാൻ തയാറാകാത്ത സാഹചര്യത്തിൽ 4 തവണ ഗ്രനേഡ് പ്രയോഗിച്ചു.

പിന്നീട് പൊലീസും രാഷ്ട്രീയ നേതാക്കളും ഇടപെട്ടാണ് രംഗം ശാന്തമാക്കിയത്. സംഘർഷത്തെ തുടർന്ന് പേരാമ്പ്ര ടൗണിൽ ഗതാഗതം തടസ്സപ്പെട്ടു. സ്ഥലത്ത് പൊലീസ് ശക്തമായ കാവൽ ഏർപ്പെടുത്തി.

പി.സി.മുഹമ്മദ് സിറാജ് റീജനൽ പ്രോഗ്രാം കോഓർഡിനേറ്റർ

പേരാമ്പ്ര ● നാഷനൽ സർവീസ് സ്കീം വയനാട്, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുന്ന കോഴിക്കോട് റീജനൽ പ്രോഗ്രാം കോഓർഡിനേറ്ററായി നൊച്ചാട് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകൻ പി.സി.മുഹമ്മദ് സിറാജിനെ തിരഞ്ഞെടുത്തു. 2 ജില്ലകളിലുമായി ഇരുനൂറോളം ഹയർ സെക്കൻഡറി സ്കൂളുകളിലെ എൻഎസ്എസ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയാണ് പ്രധാന ചുമതല.

ഹാർമസിസ്റ്റിനെ ആവശ്യമുണ്ട്

കോടഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ കോടഞ്ചേരിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നീതി മെഡിക്കൽ ഷോപ്പിലേക്ക് കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ ഫാർമസിസ്റ്റിനെ ആവശ്യമുണ്ട്. B.Pharm, D.Pharm, M.Pharm യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ 29/10/2026 തിയ്യതിക്കുള്ളിൽ ബാങ്ക് ഹെഡ് ഓഫീസിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബാങ്ക് ഹെഡ് ഓഫീസുമായോ ചുവടെ പറയുന്ന നമ്പറിലോ ബന്ധപ്പെടുക. **9048333959**

15/10/2026, കോടഞ്ചേരി **(ഒപ്പ്) സെക്രട്ടറി**

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

നടുവണ്ണൂർ പി.ഒ, പിൻ-673614, കോഴിക്കോട് ജില്ല
ഫോൺ: +91 496 2652247, ഇ-മെയിൽ: secndr@gmail.com

7419748-2026 തീയ്യതി: 15.10.2026

ടെണ്ടർ പരസ്യം

നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണം നടത്തുന്ന പ്രൊജക്ട് നമ്പർ 52/27 - തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് വാർഷിക മെയിന്റനൻസ് കരാർ, പ്രൊജക്ട് നമ്പർ 209/27 - ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ എന്നീ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ്, ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ നടത്തുന്നതിന് ഇലക്ട്രിക്കൽ ലൈസൻസ് ഉള്ള കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ടിത ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തീയതി – 27/10/2026, 1.00 പി.എം
ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി – 27/10/2026, 2.00 പി.എം

കൂടുതൽ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്, ഗോവിന്ദപുരം,
കോഴിക്കോട്– 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപ്പന നോട്ടീസ്.
താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര്/ വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി
1	**ശാഖ: ARMB കോഴിക്കോട്** (1) **M/s ഗസ്സാസ് ഗ്ലോബൽ ആഡ് വിഷൻസ് പ്രൈവറ്റ് ലിമിറ്റഡ്**, പ്രതിനിധീകരിച്ച് എം.ഡി. അജു അബ്ദുൾ റഹ്മാൻ, 41/2299, 3-ാം നില, മലബാർ ഗെയിറ്റ്, റാം മോഹൻ റോഡ്, കോഴിക്കോട്- 673004 (2) **ശ്രീ. അജു അബ്ദുൾ റഹ്മാൻ** (വായ്പക്കാരൻ), S/o കുഞ്ഞലവി, ഗ്രീൻസ്, പേട്ട, ഫറോക്ക് പി.ഒ, കോഴിക്കോട്- 671631 (3) **ശ്രീ. ഫൈസൽ എം. ടി.** (വായ്പക്കാരൻ), S/o കുട്ട്യാലി.പി, ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616, (4) **ശ്രീമതി. നബീസ ഉമ്മ** (ജാമ്യക്കാരി), W/o കുട്ട്യാലി, ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616, (5) **ശ്രീ. കുട്ട്യാലി . പി** (ജാമ്യക്കാരൻ), S/o ഇമ്പിച്ചിമൊയ്തീൻ ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616	**വസ്തു നം. 1:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, നഗരം വില്ലേജിൽ, റീ സർവേ നം. 7.1.13/2 ൽ പെട്ട M/s ഗസ്സാസ് ഗ്ലോബൽ ആഡ് വിഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 7.70 സെന്റ് (3.12 ആർസ്) വാണിജ്യയോഗ്യമായ തരിശായ സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ലൈയിൻ; **തെക്ക്:** നടവഴി; **പടിഞ്ഞാറ്:** റെയിൽവെ വക വസ്തു; **വടക്ക്:** സി.എച്ച്.ഓവർ ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ്. **വസ്തു നം. 2:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീ.ഫൈസൽ എം.ടി. എന്നയാളുടെ പേരിലുള്ള സർവേ നം. 34/1 & റീ.സർവേ നം. 68/1 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം റീ.സർവേ നം.75/7) ൽ പെട്ട 20.27സെന്റ് (8.207 ആർസ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ദാസൻ കൈവശം വസ്തു; **തെക്ക്:** 3 അടി വീതിയുള്ള നടവഴി; **പടിഞ്ഞാറ്:** സാബിറ കൈവശം വസ്തു, **വടക്ക്:** കുഞ്ഞിമൊയ്തീൻ കൈവശം വസ്തു. **വസ്തു നം. 3:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര അംശത്ത്, ഇച്ചന്നൂർ ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീ.കുട്ട്യാലിയുടെ പേരിലുള്ള സർവേ നം. 32/1 & റീ.സർവേ നം. 75/7 ൽ പെട്ട 10.00 സെന്റ് (4.04 ആർസ്) സ്ഥലവും കെട്ടിടവും (പൊളിഞ്ഞ അവസ്ഥ) സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** നബീസ കൈവശം വസ്തു; **തെക്ക്:** നബീസ കൈവശം വസ്തു; **പടിഞ്ഞാറ്:** നബീസ കൈവശം വസ്തു, **വടക്ക്:** റോഡ്. **വസ്തു നം. 4:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര അംശത്ത്, ഇച്ചന്നൂർ ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീമതി.നബീസ ഉമ്മയുടെ പേരിലുള്ള സർവേ നം. 32/1 & റീ.സർവേ നം. 75/3,7 ൽ പെട്ട 77.50 സെന്റ് (31.38 ആർസ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ഹാജിറ കൈവശം വസ്തു; **തെക്ക്:** ചന്ദ്രപ്പൻ & മറ്റൊരാൾ കൈവശം വസ്തു; **പടിഞ്ഞാറ്:** ഫൈസൽ & പ്രേമൻ കൈവശം വസ്തു, **വടക്ക്:** റോഡ്.	**(എ) 13(2) - 08-11-2016** **(ബി)** 30-09-2026ലെ **രൂപ 6,29,15,588.84** യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും **(സി) കൈവശ നോട്ടീസ് തീയതി: 27-02-2017** **(ഡി) പ്രതീകാത്മക കൈവശം** **വസ്തു നം. 1:** **(എ) കരുതൽ വില: രൂപ 78.54 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 7.854 ലക്ഷം** **വസ്തു നം. 2:** **(എ) കരുതൽ വില: രൂപ 14.58 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 1.458 ലക്ഷം** **വസ്തു നം. 3:** **(എ) കരുതൽ വില: രൂപ 18.90 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 1.89 ലക്ഷം** **വസ്തു നം. 4:** **(എ) കരുതൽ വില: രൂപ 168.00 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 16.80 ലക്ഷം** **(സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം**
2	**ശാഖ: ARMB കോഴിക്കോട്** (1) **M/s സുപ്രീം ബെഡ് ഹൗസ്**, (മാനേജിംഗ് പാർട്ണർ: സി.കെ. പ്രകാശൻ, പാർട്ണർമാർ: ശ്രീനിവാസൻ എം.കെ, നിഷാന്ത് കെ.വി, ധർമ്മരാജൻ വി.കെ. & ബാബു.ഇ, C K ഷോപ്പിംഗ് കോംപ്ലക്സ്, കിണാശ്ശേരി പി.ഒ, കോഴിക്കോട്- 673007 (2) **ശ്രീ. സി.കെ. പ്രകാശൻ**, പുനത്തിൽ മീത്തൽ ഹൗസ്, അഞ്ചാം മൈൽ, വെള്ളിപ്പറമ്പ്, കോഴിക്കോട്- 673008 (3) **ശ്രീ. എം.കെ. ശ്രീനിവാസൻ**, മേലേപറമ്പത്ത്, ചാത്തമംഗലം പി.ഒ, കോഴിക്കോട്- 673601 (4) **ശ്രീ. കെ.വി. നിഷാന്ത്**, S/o നാരായണൻ, അഞ്ജലി ഹൗസ്, മാധവിപുരം, പന്തീരാങ്കാവ് പി.ഒ, കോഴിക്കോട്- 673019 (5) **ശ്രീ. ബാബു. ഇ**, തെക്കേപുളിയോലി ഹൗസ്, പൂവാട്ടുപറമ്പ് ക്ഷേത്രത്തിന് സമീപം, പെരുമണ്ണ, കോഴിക്കോട്- 673019 (6) **ശ്രീ. വി.കെ. ധർമ്മരാജൻ**, വാപ്പുംകര, ചെമ്മാല ഹൗസ്, കുറ്റിക്കാട്ടൂർ പി.ഒ, കോഴിക്കോട്- 673008	(1) കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ കുറ്റിക്കാട്ടൂർ വില്ലേജിൽ കുറ്റിക്കാട്ടൂർ അംശം പൈങ്ങോട്ടുപുറം ദേശത്ത് റീ.സർവ്വേ നം. 11/3ൽ പെട്ട ശ്രീ. നിഷാന്ത് കെ.വി. എന്നയാളുടെ ഉടമസ്ഥതയിലുള്ള **40** സെന്റ് (16.195 ആർസ്) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ശ്രീനിവാസന് കൊടുത്ത സ്ഥലം; **തെക്ക്:** പട്ടിക വസ്തുവിലേക്കും മറ്റും റോഡിന് നിർത്തി വെച്ച സ്ഥലം; **പടിഞ്ഞാറ്:** അന്യകൈവശവും തന്നിൽശേഷവും; **വടക്ക്:** ശ്രീനിവാസനു കൊടുത്ത സ്ഥലവും പട്ടിക വസ്തുവിലേക്കും മറ്റുമുള്ള റോഡും. (2) കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ കുറ്റിക്കാട്ടൂർ വില്ലേജ്, കുറ്റിക്കാട്ടൂർ അംശം പൈങ്ങോട്ടു പുറം ദേശത്ത് റീ.സർവ്വേ നം. 11/3ൽ പെട്ട ശ്രീ.ബാബു.ഇ എന്നയാളുടെ ഉടമസ്ഥതയിലുള്ള **40** സെന്റ് (16.195 ആർസ്) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** തന്നിൽ ശേഷവും ഇടവഴിയും; **തെക്ക്:** അന്യ കൈവശവും തന്നിൽശേഷവും; **പടിഞ്ഞാറ്:** സീനക്ക് തീറുകൊടുത്ത സ്ഥലം; **വടക്ക്:** ശ്രീനിവാസന് കൊടുത്ത സ്ഥലവും പട്ടിക വസ്തുവിലേക്കും മറ്റുമുള്ള റോഡും. (3) കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ പൂളക്കോട് അംശം കോഴിമണ്ണ ദേശത്ത് റീ.സർവ്വേ നം. 391/3 ൽ പെട്ട ശ്രീ. ശ്രീനിവാസൻ എം.കെ. എന്നയാളുടെ ഉടമസ്ഥതയിലുള്ള **93** സെന്റ് (37.65 ആർസ്) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ഇടവഴി 4 അടി; **തെക്ക്:** 4 അടി ഇടവഴിയും ബാബുവിന് തീറുകൊടുത്ത സ്ഥലവും; **പടിഞ്ഞാറ്:** പട്ടിക വസ്തുവിലെ നിഷാന്തിന് തീറുകൊടുത്ത സ്ഥലം, **വടക്ക്:** ഇടവഴി 4 അടി.	**(എ) 13(2) - 30-04-2021** **(ബി)** 30-09-2026ലെ **രൂപ 5,74,98,721.29** യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും **(സി) കൈവശ നോട്ടീസ് തീയതി: 15-11-2021** **(ഡി) പ്രതീകാത്മക കൈവശം** **വസ്തു നം. 1:** **(എ) കരുതൽ വില: രൂപ 79.98 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 7.998 ലക്ഷം** **വസ്തു നം. 2:** **(എ) കരുതൽ വില: രൂപ 79.98 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 7.998 ലക്ഷം** **വസ്തു നം. 3:** **(എ) കരുതൽ വില: രൂപ 96.21 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 9.621 ലക്ഷം** **(സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം** സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: വസ്തു നം.1: മുൻസിഫ് കോടതിയുടെ 15.00 ലക്ഷം രൂപയുടെ അറ്റാച്ച്മെന്റ് വസ്തു നം.2: മുൻസിഫ് കോടതിയുടെ 8 ലക്ഷം രൂപയുടെ അറ്റാച്ച്മെന്റ്
3	**ശാഖ: ARMB കോഴിക്കോട്** (1) **M/s ഗുഡ്‌വിൽ ഫയൽ ഇൻഡസ്ട്രീസ്** (പാർട്ണർമാർ- ശ്രീ. മിർഷാദ് ഇ.ഒ, ശ്രീമതി. ജംസീന ഡി.എം) 62/1998, ഒന്നാം നില, അക്ബർ ട്രാവൽസിന് മുകളിൽ, കുരിശു പള്ളിക്ക് സമീപം, മാവൂർ റോഡ്, കോഴിക്കോട്- 673004, (2) **ശ്രീ. മിർഷാദ് ഇ.ഒ**, S/o ടി.കെ. മമ്മദ് കോയ, (3) **ശ്രീമതി. ജംസീന ഡി. എം**, D/o പി.ടി, മമ്മു ഹാജി & W/o മിർഷാദ് ഇ.ഒ. (4) **ശ്രീമതി. ആമിന റഫ**, D/o മിർഷാദ് ഇ.ഒ, എല്ലാവരുടെയും വിലാസം: 8/1725 A ഗുഡ്‌ലാൻഡ്സ് ഗാർഡൻസ്, പള്ളിപ്പാട്ട് അയ്യപ്പക്ഷേത്രം റോഡ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്- 673020	**വസ്തു 1:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, വേങ്ങേരി വില്ലേജിൽ, നെടുങ്ങോട്ടൂർ ദേശം, വേങ്ങേരി അംശം, റീ സർവേ നം.584/1M ൽ പെട്ട ശ്രീമതി. ജംസീന ഡി.എം. ഉടമസ്ഥതയിലുള്ള 1.6187 ആർസ് (4.00 സെന്റ്) തരിശ് സ്ഥലവും മറ്റു ചമയങ്ങളും കൂടിയാകുന്നു. **ആധാരപ്രകാരം അതിരുകൾ: കിഴക്ക്:** മുൻപ് തീറ് വിറ്റ സ്ഥലം; **വടക്ക്:** അന്യ കൈവശം; **പടിഞ്ഞാറ്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലം; **തെക്ക്:** കോർപ്പറേഷൻ നിരത്ത്. **വസ്തു 2:** കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, വേങ്ങേരി വില്ലേജിൽ, നെടുങ്ങോട്ടൂർ ദേശം, വേങ്ങേരി അംശം, റീ സർവേ നം.584/1P ൽ പെട്ട ശ്രീ. മിർഷാദ് ഇ.ഒ. യുടെ ഉടമസ്ഥതയിലുള്ള 3.1423 ആർസ് (7.76 സെന്റ്) തരിശ് സ്ഥലവും മറ്റു ചമയങ്ങളും കൂടിയാകുന്നു. **ആധാരപ്രകാരം അതിരുകൾ: ഒന്നാം താക്ക്: കിഴക്ക്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലം; **വടക്ക്:** അന്യ കൈവശം; **പടിഞ്ഞാറ്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലം; **തെക്ക്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലവും രണ്ടാം താക്കും. **രണ്ടാം താക്ക്: കിഴക്ക്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലം; **വടക്ക്:** ഒന്നാം താക്ക്; **പടിഞ്ഞാറ്:** പരാഗോ പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ് വക സ്ഥലം; **തെക്ക്:** കോർപ്പറേഷൻ നിരത്ത്. (രണ്ട് വസ്തുക്കളും ഒറ്റ ലോട്ടാണ്)	**(എ) 13(2) - 27-08-2025 & 12-09-2025** **(ബി)** 30-09-2026ലെ **രൂപ 1,10,71,324.62** യും 01.10.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും **(സി) കൈവശ നോട്ടീസ് തീയതി: 19-02-2026** **(ഡി) പ്രതീകാത്മക കൈവശം** **(എ) കരുതൽ വില: രൂപ 85.00 ലക്ഷം** **(ബി) നിരതദ്രവ്യം: രൂപ 8.50 ലക്ഷം** **(സി) ലേല വർദ്ധന തുക: രൂപ 0.10 ലക്ഷം**

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല (ക്രമ നമ്പർ 2 ലെ വസ്തു നം.1, 2 ഒഴികെ)

ഇ – ലേല തീയതിയും സമയവും: 03-11-2026ന് രാവിലെ 11.00 മണി മുതൽ വൈകിട്ട് 5.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 02-11-2026

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 31-10-2026

ഇ – ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപ്പന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപ്പന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപ്പന ഓൺലൈൻ മുഖാന്തിരം **03-11-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ

തീയതി: 15-10-2026, സ്ഥലം: കോഴിക്കോട്

KERALA SOCIAL SECURITY MISSION
(A GOVERNMENT OF KERALA UNDERTAKING TO CATER TO THE SOCIAL SECURITY NEEDS OF THE UNDERPRIVILAGED)

KSSM/16/2022-A3(4) Thiruvananthapuram
Date: 13-10-2026

വിജ്ഞാപനം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന 'മിഠായി' പദ്ധതിയിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് എം.ബി.ബി.എസ്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.socialsecuritymission.gov.in സന്ദർശിച്ച് മനസ്സിലാക്കിയശേഷം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 31/10/2026, വൈകുന്നേരം 5.00 മണി.

Dr. Arun S. Nair IAS
Executive Director KSSM

COCHIN PORT
कोचिन पत्तन प्राधिकरण
Cochin Port Authority

Chief Engineer's Office
Cochin - 682009

E-TENDER NOTICE

Online Bids are invited for the following:

T10/T-2117/2026-C Dated 19/10/2026 Reconstruction of Marar Road and G.V. Iyyer Road with CC Paver Blocks, RCC Drains, Box Culverts, Utility Ducts etc., at W/Island	₹ 8.45 Cr. + GST	Available from 19.10.2026 onwards
T10/T-2118/2026-C Dated 16/10/2026 Reconstruction of deck slab of Q5 to Q9 Berths and Construction of a Mooring Platform at Ernakulam Wharf	₹ 50.77 Cr. + GST	Available from 16.10.2026 onwards

For details, visit - www.cochinport.gov.in or www.tenders.gov.in or www.tenderwizard.com/COPT

Sd/- CHIEF ENGINEER
(Ph. No. 0484-258 2400/2404)

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYA PLUS KN- 645 DRAW RESULT 15/10/2026

ഒന്നാം സമ്മാനം ₹ 1 കോടി PF 502881 (കണ്ണൂർ)

സമാശ്വാസ സമ്മാനം ₹ 5000 PA 502881 PB 502881 PC 502881 PD 502881 PE 502881 PG 502881 PH 502881 PJ 502881 PK 502881 PL 502881 PM 502881

കേരള സംസ്ഥാന ഭാഗ്യക്കുറി

രണ്ടാം സമ്മാനം ₹30 ലക്ഷം PA 557675 (കോഴിക്കോട്)

മൂന്നാം സമ്മാനം ₹5 ലക്ഷം PF 541391 (കോട്ടയം)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000 0431 2596 3054 3315 3979 4531 4647 4739 4920 5371 5482 5655 6679 6693 7071 7165 8360 9258 9715

അഞ്ചാം സമ്മാനം ₹2000 0830 2286 3249 6312 6314 8389

ആറാം സമ്മാനം ₹1000 0865 1260 1346 1699 2043 2318 2865 3233 3432 3459 3655 3915 4303 4709 5050 5143 5838 6359 6793 7239 7530 8112 8271 8567 8780

ഏഴാം സമ്മാനം ₹ 500 0330 0562 0619 0915 1362 1635 1673 1677 1907 1948 2042 2133 2356 2359 2469 2577 2748 2812 2917 2961 2983 3034 3037 3149 3191 3573 3781 3853 4022 4042 4049 4112 4209 4381 4477 4628 4850 4928 5021 5095 5264 5302 5668 5874 6075 6116 6187 6390 6513 6531 6732 6999 7157 7350 7395 7500 7551 7596 7666 8001 8027 8345 8370 8427 8507 8514 8588 9039 9202 9207 9662 9705 9830 9843 9876 9952

എട്ടാം സമ്മാനം ₹ 200 0059 0124 0274 0334 0519 0560 0701 0765 0772 0800 0827 1070 1089 1570 1615 1644 1698 1888 2007 2229 2297 2351 2423 2452 2654 2766 2969 3247 3264 3399 3575 3611 3836 3874 4388 4420 4610 4640 4811 4852 5293 5609 5615 5638 6080 6114 6263 6332 6606 6746 6809 7091 7098 7127 7197 7226 7268 7468 7546 7575 7623 7727 7746 7849 7864 7955 7995 8066 8161 8296 8371 8682 8813 8825 8917 9009 9138 9214 9339 9367 9554 9605 9606 9669

ഒൻപതാം സമ്മാനം ₹ 100 0050 0195 0335 0577 0611 0691 0696 0741 0743 0874 1072 1201 1208 1252 1465 1600 1676 1685 1709 1773 1781 2096 2127 2163 2215 2243 2475 2493 2549 2607 2762 2841 2927 2966 2975 3029 3056 3062 3067 3144 3257 3333 3361 3412 3454 3461 3499 3531 3542 3584 3595 3597 3640 3700 3703 3738 3744 3806 3822 3910 3947 4001 4059 4160 4219 4289 4306 4478 4513 4537 4549 4582 4659 4696 4712 4749 4822 4984 5000 5059 5071 5085 5104 5130 5159 5467 5529 5798 5814 5892 5925 5930 5942 6015 6124 6200 6317 6355 6552 6608 6647 6673 6731 6749 6935 7003 7021 7030 7152 7353 7390 7391 7586 7631 7662 7757 7832 7922 7939 7951 7989 8014 8044 8315 8355 8358 8397 8463 8470 8487 8532 8555 8612 8631 8641 8708 8721 8755 8797 8805 8886 9006 9015 9122 9206 9242 9245 9439 9531 9612 9649 9650 9697 9817 9841 9971

(ഒപ്പ്) സജു കുമാർ പി. ഡെപ്യൂട്ടി ഡയറക്ടർ
ഡിറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക
നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

---

മലയാള മനോരമ
DISCLAIMER: ഈ പത്രത്തിൽ പ്രസിദ്ധീകരിച്ച ഏതെങ്കിലും പരസ്യങ്ങളോടു പ്രതികരിക്കും മുമ്പ് അതിന്റെ സത്യാവസ്ഥയെ കുറിച്ച് പരിശോധിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാകുകയും വേണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ഈ പത്രത്തിന്റെ ഉടമസ്ഥരായ മലയാള മനോരമ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യക്കാരന്റെയോ ഏതെങ്കിലും പരസ്യക്കാരന്റെ ഉൽപന്നങ്ങളുടെയോ / സേവനത്തിന്റെയോ ആധികാരികതയെ സംബന്ധിച്ച് ഉറപ്പു നൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിലുള്ള അവകാശ വാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും ഈ ദിനപത്രത്തിന്റെ / കമ്പനിയുടെ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്ടർ/മാർ, തൊഴിലാളികൾ ഉത്തരവാദികളോ / ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല. ഗവൺമെന്റ് ഫോക്കസ്, ചാറ്റ്റൂം, ബിസിനസ്സ് വിജയഗാഥ, വിജയ സ്പർശം, സിഎസ്ആർ കാരുണ്യ സ്പർശം, വിജയ വഴി, ഇലക്ഷൻ ഫോക്കസ്, ഹെൽത്തി ലിവിംഗ്, മെട്രോ ബ്രാൻഡ് ഫോക്കസ്, മാർക്കറ്റിങ് ഫീച്ചറുകൾ തുടങ്ങിയവ പരസ്യങ്ങളാണ്.

മലയാളത്തിലെ ഏക പേഴ്സണൽ ഫിനാൻസ് പ്രസിദ്ധീകരണം
മലയാള മനോരമ സമ്പാദ്യം
സമ്പത്തിലേക്കുള്ള വഴികാട്ടി

കേരള മലനാട് കർഷക പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി

ലിമിറ്റഡ് നമ്പർ. എഫ്. 1777. പി. ഒ. തിരുവമ്പാടി, കോഴിക്കോട്

പൊതുയോഗ നോട്ടീസ്

മാന്യരെ, നമ്മുടെ സംഘത്തിന്റെ 65-ാമത് വാർഷിക പൊതുയോഗം സംഘം പ്രസിഡന്റ് ശ്രീ ബാബു കെ. പൈക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ താഴെ കൊടുത്തിരിക്കുന്ന കാര്യപരിപാടികളോടെ 31.10.2026 ശനിയാഴ്ച്ച രാവിലെ 10.30 ന് തിരുവമ്പാടി സംഘം ഹെഡ് ഓഫീസ് ബിൽഡിംഗിലുള്ള പ്രിയദർശനി ഓഡിറ്റോറിയത്തിൽ വെച്ച് ചേരുന്നതിന് നിശ്ചയിച്ചിരിക്കയാൽ താങ്കൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ താൽപര്യപ്പെടുന്നു.

തിരുവമ്പാടി എന്ന്, ഭരണസമിതിക്കുവേണ്ടി
16.10.2026 **സെക്രട്ടറി** (ഒപ്പ്)

കാര്യപരിപാടി

1). ഈശ്വരപ്രാർത്ഥന, 2). സ്വാഗതം, 3). അനുശോചന പ്രമേയം, 4). അദ്ധ്യക്ഷപ്രസംഗം, 5). പൊതുയോഗനോട്ടീസ് വായിച്ച് റിക്കാർഡാക്കൽ, 6). കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്സ് വായിച്ച് റിക്കാർഡാക്കൽ, 7). 2025-2026 വർഷത്തെ ഭരണറിപ്പോർട്ടും കണക്കുകളും, 8). 2025-2026 വർഷത്തെ ബഡ്ജറ്റിൽ അധികരിച്ച ചെലവുകൾ അംഗീകരിക്കൽ, 9). 2027-2028 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗീകരിക്കൽ, 10). 2025-2026 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ന്യൂനത പരിഹാരവും, 11). ബൈലോ ഭേദഗതി സംബന്ധിച്ച്- II 4 (23) Tourism & Allied activities, Beer, Toddy parlour etc. II (4) 24 Gold safe locker facility to members. IV6 (9) Current deposit. IX. 46 (4) Short term agricultural loan to members. IX 46 (5) Arrange overdraft facility to current A/c holders. IX. 46 (6)IMBP. IX. 46(7) Arrange overdraft facility to employees. 12). ചോദ്യങ്ങളും പ്രമേയങ്ങളും, 13). ചർച്ച, 14). അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ, 15). കൃതജ്ഞത.

സൂചന:- 1). പൊതുയോഗത്തിലേക്ക് പരിഗണിക്കേണ്ട ചോദ്യങ്ങളും പ്രമേയങ്ങളും 28.10.2026ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. 2). പൊതുയോഗത്തിൽ ഹാജരാകാൻ തെരഞ്ഞെടുക്കപ്പെട്ട സംഘം പ്രതിനിധികൾ അവരെ തെരഞ്ഞെടുക്കുന്ന സംഘം തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി കൊണ്ടുവരേണ്ടതാണ്. 3). 2025-26 വർഷത്തെ വരവ് ചെലവ് കണക്ക്, വ്യാപാര കണക്ക്, ലാഭനഷ്ടകണക്ക്, 2027-28 വർഷത്തെ വാർഷിക ബഡ്ജറ്റ് എന്നിവ മെമ്പർമാരുടെ അറിവിലേക്കായി സംഘം നോട്ടീസ്ബോർഡിലും എ.ആർ. ഓഫീസ് നോട്ടീസ്ബോർഡിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 4). പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് വ്യക്തിമെമ്പർമാർ (ബി ക്ലാസ്) നിർബന്ധമായും സംഘത്തിന്റെ തിരിച്ചറിയൽ കാർഡുമായി എത്തേണ്ടതാണ്. പ്രസ്തുത കാർഡ് കൈവശമില്ലാത്ത മാന്യമെമ്പർമാർ 2 പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം 28.10.2026ന് വൈകുന്നേരം 5 മണിക്ക് മുമ്പായി അപേക്ഷ നൽകി കാർഡ് കൈപ്പറ്റേണ്ടതാണ്.

സെക്രട്ടറി (ഒപ്പ്), കേരള മലനാട് കർഷക പ്രൊഡ്യൂസ് കോ ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എഫ് 1777, തിരുവമ്പാടി

കേരള സർക്കാർ ദർഘാസുകൾ

12-10-2026 മുതൽ 14-10-2026 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2026_PWD_879198_1 * Executive Engineer * GENERAL RM 2026 27 RC 2 One Year Running Contract for variou * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹7711128

ദർഘാസ് : 2026_PWD_879202_1 * Executive Engineer * DEPOSIT Deposit Work-Restoration of BSNL OFC laying works on * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹5076402

ദർഘാസ് : 2025_PWD_796348_6 * Superintending Engineer * BW 2025 26 20 percentage Provision Upgradation work Providng * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹25169019

ദർഘാസ് : 2026_PWD_879235_1 * Superintending Engineer * GENERAL Sabarimala Festival Works 2026 2027 Upgradation by p * അവസാന തീയതി : 27-Oct-2026 * അടങ്കൽ :₹83495297

ദർഘാസ് : 2026_PWD_843997_7 * Superintending Engineer * GENERAL Budget Providing BM and BC to Onninmoodu Mylavila Ka * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹16556932

ദർഘാസ് : 2025_PWD_796317_6 * Superintending Engineer * BW 2025 26 percentage Provision Upgradation work Providing B * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹25253703

ദർഘാസ് : 2026_PWD_878825_1 * Superintending Engineer * GENERAL Sabarimala work 2026 27 Upgradation of Kunnathukal * അവസാന തീയതി : 24-Oct-2026 * അടങ്കൽ :₹12640961

ദർഘാസ് : 2025_PWD_822766_9 * Superintending Engineer * DEPOSIT KWA pipeline restoration work in KoickamukkuKuttempe * അവസാന തീയതി : 23-Oct-2026 * അടങ്കൽ :₹15724456

ദർഘാസ് : 2026_PWD_872760_2 * Executive Engineer * GENERAL-Revised Budget work 2026-27 (20 provision) Improving * അവസാന തീയതി : 24-Oct-2026 * അടങ്കൽ :₹8470220

ദർഘാസ് : 2026_PWD_873123_2 * Executive Engineer * GENERAL-Sabarimala Festival 2026-27 - Improvement work- Prov * അവസാന തീയതി : 24-Oct-2026 * അടങ്കൽ :₹8474026

ദർഘാസ് : 2026_PWD_874472_2 * Executive Engineer * GENERAL-Budget 2024-25 (Substitution Work) Improvements to P * അവസാന തീയതി : 24-Oct-2026 * അടങ്കൽ :₹7588774

ദർഘാസ് : 2026_PWD_879305_1 * Executive Engineer * GENERAL RM 2026 27 RC 2 ZONE 1 One Year Running Contract fo * അവസാന തീയതി : 24-Oct-2026 * അടങ്കൽ :₹8474487

വിശദവിവരങ്ങൾ **https://etenders.kerala.gov.in** സന്ദർശിക്കുക
Ro.No: 12-14/Oct/2026/PRD/6